(ബി) കുടിവെള്ള വിതരണത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കാതിരിക്കുന്ന ജീവനക്കാരുടെ പ്രവർത്തി പരിശോധിക്കുന്നതിന് എന്തൊക്കെ നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പൈപ്പുപൊട്ടിയും മറ്റും ശുദ്ധജലം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവിധ ജലസംഭരണികളിലെ ജലവിതാനം ഓരോ മണിക്കൂറിലും രേഖപ്പെടുത്തി പരിശോധിക്കുന്നുണ്ട്. 24 മണിക്കൂറും, ശുദ്ധജലവിതരണത്തെക്കുറിച്ചുള്ള പരാതികൾ സ്വീകരിച്ച് നടപടികൾ എടുക്കുന്നതിന് എമർജൻസി വിംഗ് പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള ഉപഭോക്താക്കളുടെ പരാതികൾ പരിശോധിച്ച് നടപടികളെടുക്കാൻ പബ്ലിക് ഹെൽത്ത് ഡിവിഷൻ ഓഫീസിനോടനുബന്ധിച്ച് പബ്ലിക് ഹെൽത്ത് ഡിവിഷന്റെ വിജിലൻസ് സെക്ഷൻ പ്രവർത്തിക്കുന്നു. കൂടാതെ വിതരണ ശൃംഖലയിലെ ചോർച്ചകൾ അപ്പപ്പോൾ റിപ്പയർ ചെയ്യുന്നതിന് കരാറുകാരെ വാർഷികാടിസ്ഥാനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കുടിവെള്ള വിതരണവുമായി നേരിട്ടു ബന്ധമുള്ള ഓപ്പറേറ്റർമാർ, വർക്കേഴ്സ്, ഫിറ്റേഴ്സ് പ്ലംപേഴ്സ്, മീറ്റർ റീഡർമാർ തുടങ്ങിയ ജീവനക്കാരുടെ ദൈനംദിന പ്രവർത്തനം നേരിട്ടു പരിശോധിക്കുന്നതിനായി ഓവർസിയർമാർ, അസിസ്റ്റന്റ് എൻജിനീയർമാർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനു മുകളിലായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടിവ് എൻജിനീയർ എന്നിവരെ ഇടയ്ക്കിടെ പരിശോധന നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഏതെങ്കിലും ജീവനക്കാരൻ ചെയ്യേണ്ട ജോലിയിൽ വീഴ്ച വരുത്തിയാൽ അതു പരിശോധിച്ച് മേലുദ്യോഗസ്ഥന്മാർ തക്കതായ നടപടികൾ സ്വീകരിക്കുന്നുണ്ട്. വിതരണ രംഗത്ത് നേരിട്ട് പ്രവർത്തിക്കുന്ന മേൽപ്പറഞ്ഞ ഉദ്യോഗസ്ഥന്മാർക്കു പുറമെ സൂപ്രണ്ടിംഗ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ, ടെക്നിക്കൽ മെമ്പർ, മാനേജിംഗ് ഡയറക്ടർ എന്നീ ഉദ്യോഗസ്ഥന്മാരും സമയാസമയങ്ങളിൽ പ്രവർത്തികൾ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുകയും നടപടികൾ എടുക്കുകയും ചെയ്യുന്നുണ്ട്.

(സി) പൈപ്പുപൊട്ടിയും മറ്റും ശുദ്ധജലം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതു രേഖപ്പെടുത്താൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന 'എമർജൻസി വിംഗ്' ഉണ്ട്. ഇതു സംബന്ധിച്ച പരാതികൾ പൊതുജനങ്ങൾക്ക് 328992 എന്ന ടെലിഫോൺ നമ്പരിൽ അറിയിക്കാവുന്നതാണ്. ഇപ്രകാരം രേഖപ്പെടുത്തിയ പരാതികൾ അതതു ഭാഗത്തെ ചുമതലപ്പെട്ട ഉദ്യോഗസ്ഥരെയും ഇതിലേയ്ക്ക് നിയോഗിച്ചിരിക്കുന്ന കരാറുകാരെയും എമർജൻസി വിംഗിൽ നിന്ന് അപ്പപ്പോൾ വിവരം അറിയിച്ചു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

31 (940) പാലക്കാട് ജില്ലയിലെ ചെറുകിട ജലസേചന പദ്ധതികൾ

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പണി ആരംഭിച്ചിട്ടും പൂർത്തീകരിക്കാത്ത ചെറുകിട ജലസേചന പദ്ധതികളുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഓരോ പദ്ധതിയും എന്നാരംഭിച്ചു; അവ എന്ന് പൂർത്തീകരിക്കാനാണ് തീരുമാനിച്ചിരുന്നത്;

(സി) ഓരോ പദ്ധതിക്കും പ്രതീക്ഷിച്ചിരുന്ന ചെലവെത്ര; ഇപ്പോൾ എത്ര തുക ചെലവായിട്ടുണ്ട്;

(ഡി) തൃത്താലയിലെ തേനാമ്പാറ ലിഫ്റ്റ് ഇറിഗേഷന്റെ പണി എന്നാണ് ആരംഭിച്ചത്;

(ഇ) ഇപ്പോൾ പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണ്;

(എഫ്) ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തർക്കങ്ങൾ നിലവിലുണ്ടോ;

(ജി) ഈ പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദവിവരങ്ങൾ അനുബന്ധം 1-ൽ കൊടുത്തിട്ടുണ്ട്.†

(സി) വിശദവിവരങ്ങൾ അനുബന്ധം 2-ൽ കൊടുത്തിട്ടുണ്ട്.†

(ഡി) 12-11-1979-ൽ

(ഇ) ഈ പദ്ധതിയുടെ സിവിൽ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതീകരണത്തിനുള്ള പണികൾ നടന്നുവരുന്നു.

(എഫ്) ഇല്ല.

(ജി) 2000-മാണ്ട് മാർച്ച് മാസത്തോടെ ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

32 (941) ചെങ്ങന്നൂരിലെ ചെറുകിട ജലസേചന പദ്ധതികൾ

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചെങ്ങന്നൂരിൽ ജലധാരാ പദ്ധതിയിൽപ്പെടുത്തിയ ഏതെല്ലാം പണികൾ പൂർത്തിയാക്കുവാൻ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുന്നതിൽ വരുന്ന കാലതാമസം എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ചെറുകിട ജലസേചന വകുപ്പു നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം എന്നും അവയ്ക്ക് എത്രരൂപാ വീതം ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെങ്ങന്നൂരിൽ ജലധാരാപദ്ധതിയനുസരിച്ച് താഴെ പറയുന്ന പണികൾ പൂർത്തിയാക്കാനുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly